സ്വകാര്യ സർവ്വകലാശാല

16 (1090) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. വി. ചെന്താമരാക്ഷൻ :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡിയിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖല നിലവാരത്തകർച്ച നേരിടുന്നുവെന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ സ്വകാര്യ സർവ്വകലാശാലകളുടെ ആവശ്യകത സംബന്ധിച്ച് പുനർ വിചിന്തനത്തിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) 6-10-2015-ന് ചേർന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡിയിൽ ഈ വിഷയം സർക്കാരിന്റെ അനുമതി ലഭ്യമാക്കിയതിനുശേഷം പരിഗണിക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്.

(ഡി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ പഠന റിപ്പോർട്ട് ലഭ്യമായതിനു ശേഷം ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly